**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4001** **11.11.2019 - ൽ മറുപടിക്ക്.**

**റേഷൻ ഡിപ്പോ സസ്പെന്റ് ചെയ്യാനിടയായ സാഹചര്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. സി.കെ. ഹരീന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** | പാറശ്ശാല മണ്ഡലം പരശുവയ്ക്കൽ ഖാദി ഇൻഡസ്ട്രിയൽ സൊസൈറ്റി നമ്പർ 104-ന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്ന എ.ആർ.ഡി 59-ാം നമ്പർ റേഷൻ ഡിപ്പോ സസ്പെന്റ് ചെയ്യാനിടയായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ; | **(എ)** | പാറശ്ശാല മണ്ഡലം പരശുവയ്ക്കൽ ഖാദി ഇൻഡസ്ട്രിയൽ സൊസൈറ്റി നമ്പർ 104-ന്റെ പ്രവർത്തനം നിലച്ചതിനാലാണ് ടി സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ഉണ്ടായിരുന്ന 59-ാം നമ്പർ റേഷൻ ഡിപ്പോ സസ്പെന്റ് ചെയ്യാനിടയായത്. |
| **(ബി)** | നിലവിൽ ഈ ഡിപ്പോയിലെ കാർഡുടമകൾക്ക് റേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | **(ബി)** | നിലവിൽ ഈ കട എ.ആർ.ഡി 569-നോട് കൂട്ടിചേർത്ത് പ്രവർത്തിച്ചു വരുന്നതിനാൽ റേഷൻ സേവനങ്ങൾ കാർഡ് ഉടമകൾക്ക് ലഭ്യമാണ്. കൂടാതെ പോർട്ടബിലിറ്റി സംവിധാനം നിലവിലുള്ളതിനാൽ കാർഡുടമകൾക്ക് അവരുടെ സൗകര്യാർത്ഥം ഏത് റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ വാങ്ങാവുന്നതാണ്. |
| **(സി)** | പ്രസ്തുത ഡിപ്പോയുടെ തുടർ നടത്തിപ്പിനുള്ള വ്യക്തിഗത ലൈസൻസ് ലഭിക്കുന്നതിന് ഇവിടുത്തെ സെയിൽസ്മാൻ ആയിരുന്ന ബി.ബാലചന്ദ്രൻ സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; പ്രസ്തുത ലൈസൻസ് ടിയാൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | **(സി)** | എ.ആർ.ഡി. 59 ന്റെ സെയിൽസ്മാൻ ശ്രീ. ബി. ബാലചന്ദ്രൻ റേഷൻ കടയുടെ ലൈസൻസ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**